

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്
ഓഡിറ്റ് റിപ്പോർട്ട്
2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9-1744/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
തീയതി: 08.11.2017.

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **തച്ചനാട്ടുകര** ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്: 1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി9-1744/2017 തിയ്യതി: 08.11.2017.

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9-12-2016 മുതൽ 20-8-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	സുനിൽദാസ്.എസ്, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	24-7-2017 മുതൽ 1-8-2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	
ശ്രീ കെ.ജി റോബർട്ട്	അസിസ്റ്റന്റ് ഓഡിറ്റ് ഓഡിറ്റ് ഓഫീസർ
ശ്രീ കെ.സി. ഹരിഗോബിന്ദ്	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ എം.ശിവപ്രസാദ്	സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

ശ്രീമതി കമറുൾ ലൈല	1-4-2016 മുതൽ 31-3-2017 വരെ

സെക്രട്ടറി

ശ്രീ കെ.മുഹമ്മദ് റാഫി	1-4-2016 മുതൽ 31-3-2017 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	റീജ.എം എസ്	1-4-2016 മുതൽ 19-7-2017 വരെ
"	ഗിരിജ.പി	20-7-2016 മുതൽ 1-12-2016വരെ
"	ലക്ഷ്മി.കെ.എം	20-7-2016 മുതൽ 1-3-2017വരെ
"	ഗിരിജ.പി	2-3-2017 മുതൽ 9-3-2017 വരെ
"	നീതു എൻ.എസ്	10-3-2017 മുതൽ 31-3-2017 വരെ
വി.ഇ.ഒ - 1	അബ്ദുൾ ഗഫൂർ.പി	1-4-2016 മുതൽ 4-2-2017 വരെ
''	ശിവപ്രസാദ്	5-2-2016 മുതൽ 19-2-2017 വരെ
"	സന്ദീപ്.എസ്	20-2-2017മുതൽ-31-3-2017വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഹയറുന്നിസ്സാ ബീവി	1-4-2016 മുതൽ 24-9-2016വരെ
"	വത്സലകുമാരി.പികെ	25-9-2016 മുതൽ 31-3-2017 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	കെ.ബഷീർ	1-4-2016 മുതൽ 31-5-2016 വരെ

"	അബ്ദുൾഅസ്സീസ്	1-6-2016മുതൽ 31-3-2017 വരെ
മെഡിക്കൽ ഓഫീസർ-PHC	ഡോ.കെ.ഷാനവാസ്	1-4-2016 മുതൽ 31-3-2017 വരെ
മെഡിക്കൽ ഓഫീസർ-ആയുർവേദം	ഡോ.എം.എ.അസ്മാബി	1-4-2016 മുതൽ 31-1-2017 വരെ
മെഡിക്കൽ ഓഫീസർ-ഹോമിയോ	ഡോ.സ്വപ്ന ചന്ദ്ര	1-4-2016 മുതൽ 31-3-2017 വരെ
സീനിയർ വെറ്ററിനറി സർജ്ജൻ	പികെ.ജയചന്ദ്രൻ	1-4-2016 മുതൽ 31-3-2017 വരെ
എച്ച്.എം	ബാലാമണി	1-4-2016 മുതൽ 31-3-2017 വരെ
അസി.സെക്രട്ടറി	മുഹമ്മദ് ഷാഫി.കെ	1-4-2016 മുതൽ 8-2-2017 വരെ
	പി.സിഫി	9-2-2017 മുതൽ 31-3-2017 വരെ
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	ദിവ്യ.പി	1-4-2016 മുതൽ 31-3-2017 വരെ

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	തനത് വരുമാനം	1-7
8	ക്ഷേമ പദ്ധതികൾ	1-8
9	ക്യാഷ് വേരിഫിക്കേഷൻ	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	അനുബന്ധ പത്രിക	1-11

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വിശദാംശം ലഭ്യമല്ല	2-1
2	തൊഴിൽ നികുതി പരിശോധനയിൽ കണ്ട അപാകതകൾ	2-2
3	മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കാത്തതു സംബന്ധിച്ച	2-3
4	വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയത് ക്രമീകരിക്കേണ്ടതാണ്.	2-4
5	വസ്തുനികുതി നിർണ്ണയം- സർക്കാർ കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതു സംബന്ധിച്ച്	2-5
6	ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് നൽകൽ- ചട്ടങ്ങൾ പാലിച്ചില്ല	2-6
7	ഡി & ഒ ലൈസൻസ് -അപേക്ഷകളിൽ സ്ഥല പരിശോധന നടത്തുന്നില്ല	2-7
8	പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ	2-8
9	ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല	2-9
10	ഇ-ടെൻഡർ മുഖേനയുള്ള ടെൻഡർ ഫീ പഞ്ചായത്ത് അക്കൌണ്ടിൽ ലഭ്യമാക്കണം.	2-10
11	മരാമത്ത് പ്രവർത്തികളുടെ ടെൻഡറുകൾ ഉദ്ദശിക്കുന്ന ഫലം കിട്ടുന്നില്ല.	2-11

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	പഞ്ചായത്തിന്റെ പരിധിയിലുള്ള കുടിവെള്ള വിതരണം - സംബന്ധിച്ച്	3-1
2	പദ്ധതിക്കായി തെരെഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിൽ ഇരട്ടിപ്പ് സംഭവിച്ചത് - സംബന്ധിച്ച്:-	3-2
3	സാക്ഷരതാ പ്രേരകിന് അനുവദിച്ച ഹൊണറേറിയം- 48,338/- രൂപ ക്രമീകരിച്ചിട്ടില്ല	3-3

4	പി.എം.എ.വൈ വിഹിതം അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.	3-4
5	പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ - വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്.	3-5
6	തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിന് അനുവദിച്ച വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.	3-6
7	മാർഗ്ഗദീപ്തിക്ക് അനുവദിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കാത്ത് - സംബന്ധിച്ച്.	3-7
8	വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കലിന് അനുവദിച്ച തുകക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.	3-8
9	വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ സബ്സിഡി അനുവദിച്ചത് - സംബന്ധിച്ച്.	3-9
10	ഐ.എ.വൈ വിഹിതം - രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല	3-10
11	ഓട്ടോറിക്ഷക്ക് സബ്സിഡി - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ	3-11
12	കുടുംബശ്രീ വനിതകൾക്ക് വസ്തുനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സബ്സിഡി നൽകൽ- പ്രവർത്തനം തുടങ്ങിയിട്ടില്ല	3-12
13	വീട് റിപ്പയർ (എസ്.സി) - രേഖകൾ ഹാജരാക്കിയില്ല	3-13
14	ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്.	3-14
15	അംഗണവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	3-15
16	ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം- അവലോകനം	3-16

17	എസ്.എസ്.എ വിഹിതം അധികം അനുവദിച്ചു.	3-17
18	തൊഴിലുറപ്പ്-കിണർ നിർമ്മാണം പൂർത്തീകരണം ഉറപ്പുവരുത്തണം	3-18
19	ഒഴിവാക്കി	3-19
20	ആയുർവ്വേദമരുന്നുകൾ-ലഭ്യമായതിൽ കുറവ്	3-20
21	ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല(പ്രോജക്റ്റ് നം.131/16-17)	3-21

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ഓഡിറ്റ് പ്രത്യവലോകനം	4-8
9	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-9

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 29-2-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2016-17	31-7-2017	13-7-17	-	-

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2016-17	അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2285396
വരവ്	53696153
ആകെ	55981549
ചെലവ്	51845972
നീക്കിയിരിപ്പ്	4135577

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ അലോട്ട്മെന്റ്	ആകെ	ചെലവ്	വിനിയോഗിക്കാത്തതുക
വികസനഫണ്ട് പൊതുവിഭാഗം	0	9762283	9762283	6629849	3132434
വികസനഫണ്ട് എസ്.സി.പി	0	7945332	7945332	4492611	3452721
വികസനഫണ്ട് ടി.എസ്.പി	0	0	0	0	0
സംരക്ഷണ ഗ്രാന്റ് റോഡ്	0	16435215	16435215	10981413	5453802
സംരക്ഷണ ഗ്രാന്റ് നോൺ റോഡ്	0	2643951	2643951	1689173	954778
14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	5474387	5474387	2746820	2727567
പെർഫോമൻസ് ഗ്രാന്റ്(സംസ്ഥാന വിഹിതം)	0	753542	753542	112056	641486
പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രവിഹിതം)	0	2186996	2186996	908037	1278959

1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ(എണ്ണം)	ചെലവ് %
263	64101591	107	29711268	141	15	46.35%

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 41% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
കൃഷി ഓഫീസർ	8	7	2553650	1242013	49%
വെറ്റിനറി സർജ്ജൻ	2	2	2490000	1650000	66%
മെഡിക്കൽ ഓഫീസർ-CHC	4	4	583500	529873	91%
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	1	200000	200000	100%
മെഡിക്കൽ ഓഫീസർ-ISM	1	1	250000	250000	100%
വി.ഇ.ഒ	11	6	8315000	2598500	31%
ഐ.സി.ഡി.എസ് സൂപ്പർവൈസർ	4	4	3868225	3707714	96%
സെക്രട്ടറി	31	10	3828034	915651	24%
അസിസ്റ്റന്റ് എഞ്ചിനീയർ	187	63	33454426	15129103	41%
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	150000	150000	100%
എച്ച്.എം	3	3	1063756	1063756	100%
അസി.സെക്രട്ടറി	10	05	7345000	2275000	31%
ആകെ	263	107	64101591	29711628	46.35%

1-7 തനത് വരുമാനം

ഇനം	മുൻവർഷം	തൻവർഷം	വർദ്ധനവ്	വർദ്ധനവ് ശതമാനം
നികുതി വരവുകൾ	2471493	3173058	701565	28.38
നികുതിയേതര വരവുകൾ	611772	809288	197516	32.28
ആകെ	3083265	3982346	899081	29.16

1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പദ്ധതി	2016-17 ൽ ലഭിച്ച അപേക്ഷകൾ	നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ	തീരുമാനം എടുത്തതിൽ നിരസിച്ചവ	കാലതാമസത്തിന്റെ കാരണം

1	കർഷക തൊഴിലാളി പെൻഷൻ	-	-	-	-ഇല്ല-
2	തൊഴിൽ രഹിത വേതനം	-	-	-	-ഇല്ല-
3	വിധവാ പെൻഷൻ	88	76	12	-ഇല്ല-
4	വികലാംഗ പെൻഷൻ	18	16	2	-ഇല്ല-
5	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	11	9	2	-ഇല്ല-
6	വാർദ്ധക്യകാല പെൻഷൻ	283	265	18	-ഇല്ല-

1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-7-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 7184/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം.	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി	ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ
1	പെർഫോമൻസ് ഓഡിറ്റ്	26-4-2016	02/2016 മുതൽ 03/2016വരെ	22-08-2016	-ഇല്ല-
2	അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04-03-2014	2008-09മുതൽ 2012-13വരെ	28-4-2016	-ഇല്ല-

1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വിശദാംശം ലഭ്യമല്ല

തച്ചനാട്ടുകര പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എൻകയറി നം 3/24.7.17 സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും, ആയതിന് രേഖാമൂലമുള്ള യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് നമ്പർ 386/17 ആയി ഐഡിയ സെല്ലുലാർ ഇൻഫ്രാസ്ട്രക്ചർ എന്നിവർക്ക് അനുമതി കൊടുത്തതായി രേഖപെടുത്തിയിട്ടുണ്ട്.എന്നാൽ പെർമിറ്റ് ഫീയോ ഇൻസ്റ്റലേഷൻ ഫീയോ ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ ഏതെല്ലാം ടവറുകൾ പ്രവർത്തിക്കുന്നുണ്ട് എന്നതിന് യാതൊരു രേഖയും ഇല്ലാത്തത് വീഴ്ചയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ

അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2-2 തൊഴിൽ നികുതി പരിശോധനയിൽ കണ്ട അപാകതകൾ

1) തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല .

1996 ലെ കേ പ രാ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി തുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

2) സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല

3)താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധവർഷത്തേയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്
1	വിജയ ബാങ്ക്, കരിങ്കല്ലത്താണി
2	ബി.എസ്.എൻ.എൽ

4) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം രണ്ടാം അർദ്ധവാർഷികത്തിൽ ചെത്തല്ലൂർ പോസ്റ്റ് ഓഫീസിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5)പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന ഐ.എൻ.ഐ.സി ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആയതിൽ സ്വീകരിച്ച തുടർ നടപടികൾ (ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം) അറിയിക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.

6) പഞ്ചായത്തിലെ താഴെ പറയുന്ന ഉദ്യോഗസ്ഥരിൽ നിന്നും 2016-17 ലെ രണ്ട് അർദ്ധവർഷത്തേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	ഉദ്യോഗസ്ഥന്റെ പേര്	തസ്തിക
1	നവാസ്	ഡ്രൈവർ
2	രഘുനാഥ്	ടെക്നിക്കൽ അസിസ്റ്റന്റ്
3	സെയ്തലവി	എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടന്റ്
4	റിയാസ് മുഹമ്മദ്	എൻ.ആർ.ഇ.ജി.എസ് ഓവർസിയർ
5	നാസർ.കെ	എൻ.ആർ.ഇ.ജി.എസ് ഓവർസിയർ

മുകളിൽ പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

7) തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ അറിയുവാനോ ഈടാക്കാനോ സാധിക്കുന്നില്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായിത്തീരുന്നതാണ്. ആയതിനാൽ മേൽ പരാമർശങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2-3 മാവേലി സ്റ്റോറിൽ നിന്നും വാടക ഈടാക്കാത്തതു സംബന്ധിച്ച്

പഞ്ചായത്തിലെ മാവേലി സ്റ്റോർ 15 വർഷത്തിൽ കൂടുതലായി പഞ്ചായത്തു സ്വന്തമായി നിർമ്മിച്ച കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നു.

5.07.2006 ലെ 15289/കെ1/05കെ1/06/തസ്വഭവ നം സർക്കുലർ പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ആരംഭിക്കുന്ന മാവേലി സ്റ്റോറുകളുടെ 2 വർഷത്തെ വാടക, തനതു ഫണ്ടിൽനിന്നോ, ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ നൽകാവുന്നതാണെങ്കിലും, അതിനുശേഷമുള്ള വാടക, വാടകക്ക് എടുത്ത അതത് സ്ഥാപനങ്ങളിൽ നിന്നും നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.
എന്നാൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടക ഈടാക്കുന്നതിനു നാളിതു വരെ നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനുള്ള വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നം 3/24.7.17 പ്രകാരം ഓഡിറ്റ് എൻകയറി സെക്രട്ടറിയ്ക്കു നൽകിയെങ്കിലും, ആയതിനു രേഖാമൂലമുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക നമ്പർ-) പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതു വരെയായും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതിന് വിശദീകരണം തരേണ്ടതാണ്.

2-4 വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയത് ക്രമീകരിക്കേണ്ടതാണ്.

താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കെട്ടിട നം	ഉടമസ്ഥന്റെ പേര്	ഉപയോഗം	വിസ്തീർണ്ണം (ച.മീ)	നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം
16/316	അൻവർ സാദത്ത് മുറിയത്ത് പറമ്പിൽ	സിറ്റി ട്രേഡേഴ്സ് എന്ന പേരിൽ പലചരക്ക് കട നടത്തുന്നു.	33	പാർപ്പിടം
14/411	സി.മോഹൻദാസ് ചോലയിൽ ഹൗസ് ചെത്തല്ലൂർ	ചോലയിൽ ബേക്കേഴ്സ് എന്ന പേരിൽ ബേക്കറി നടത്തുന്നതിന്	70	പാർപ്പിടം
14/72	രാമകൃഷ്ണൻ ചേരാത്തിയിൽ ഹൗസ് ചെത്തല്ലൂർ	കാറ്ററിംഗ് സർവ്വീസ്	48	പാർപ്പിടം
5/31	മുഹമ്മദ് യൂസഫ് ഇയ്യംമുടക്കൽ ഹൗസ് കൊടക്കാട്	സ്റ്റേഷനറി കട	50	പാർപ്പിടം

നികുതി നിർണ്ണയത്തിൽ 'പാർപ്പിട ആവശ്യത്തിന് ' എന്ന രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനാണ് ഉപയോഗിച്ചു വരുന്നത്. വ്യാവസായിക ആവശ്യത്തിനുപയോഗിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും തരം മാറ്റം വരുത്തി നികുതി മാറ്റി നിർണ്ണയിക്കേണ്ടതും നഷ്ടം ഈടാക്കേണ്ടതുമാണ്.

2-5 വസ്തുനികുതി നിർണ്ണയം- സർക്കാർ കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതു സംബന്ധിച്ച്

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ 16-ാം വാർഡിലെ താഴെ പറയുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതായി രേഖപെടുത്തിയിട്ടുണ്ട്.

ക്രമനമ്പർ	കെട്ടിട നമ്പർ	ഓഫീസിന്റെ പേര്	വിസ്തീർണ്ണം	ഒഴിവാക്കാനുള്ള കാരണം
1	769	ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് മണ്ണാർക്കാട്	55.82 ച.മീ	ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കെട്ടിടമായതിനാൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി
2	770	ടി	6 ച.മീ	ടി

പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (21/1.8.17) മറുപടിയൊന്നും ഹാജരാക്കിയില്ല.പ്രസ്തുത കെട്ടിടങ്ങളുടെ ബിൽഡിംഗ് പെർമിറ്റ് ഫയൽ, നമ്പറിംഗ് ഫയൽ എന്നിവ ആവശ്യപെട്ടുവെങ്കിലും ലഭ്യമായില്ല. ആയതിനാൽ പെർമിറ്റ് എടുത്തതിന് ശേഷമാണോ കെട്ടിട നിർമ്മാണം തുടങ്ങിയത് എന്ന് വ്യക്തമല്ല. റഗുലറൈസേഷൻ രജിസ്റ്റർ ഹാജരാക്കാൻ ആവശ്യപെട്ടുവെങ്കിലും ആയതും ലഭ്യമായില്ല.

ഓരോ വാർഡിലേയും വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ ക്രമനമ്പർ ഇട്ട് എഴുതുകയോ വസ്തു നികുതിയുടെ വിവരങ്ങൾ പൂർണ്ണമായി എഴുതുകയോ ചെയ്യാത്തതിനാൽ ഇക്കാലയളവിൽ കെട്ടിട നികുതി നിർണ്ണയിച്ചവയുടെ കൃത്യത വിലയിരുത്താൻ സാധിച്ചിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ , വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ മുതലായ എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2-6 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് നൽകൽ- ചട്ടങ്ങൾ പാലിച്ചില്ല

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പൗൾട്രി ഫാം ആരംഭിക്കുന്നതിന് 15 കോഴികൾക്ക് 1 സെന്റ് സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് നൽകിയ താഴെ പറയുന്ന ഫാമുകൾക്ക് ഈ നിബന്ധന പാലിച്ചിട്ടില്ല.

ക്രമ നമ്പർ	അപേക്ഷകന്റെ പേര്	കോഴികളുടെ എണ്ണം	അപേക്ഷകന്റെ സ്ഥലം	ആവശ്യമുള്ള സ്ഥലം
1	സൈതലവി സി.പി ചെരിപ്പുറത്ത് ഹൗസ് പാലോട്	2900	72 സെന്റ് (കൈവശ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല)	193 സെന്റ്
2	സേതുമാധവൻ എടയൂർ ഹൗസ് പാലോട്	3000	85 സെന്റ് (കൈവശ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല)	200 സെന്റ്
3	മരക്കാർ. സി ചെരിപ്പുറത്ത് ഹൗസ് നാട്ടുകൽ	4500	157 സെന്റ് (കൈവശ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല)	300 സെന്റ്

ഇതിനു പുറമേ അപേക്ഷയുടെ കൂടെ താഴെ പറയുന്ന രേഖകൾ സമർപ്പിച്ചിട്ടില്ല.

1) ലൈവ് സ്റ്റോക്ക് ഫാം ലൈസൻസിനുള്ള അപേക്ഷയിൽ (ഫോറം 2) അപേക്ഷയിൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ വിവരമോ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോ ഇല്ല.

2) ലൈവ് സ്റ്റോക്ക് ഫാം ലൈസൻസിനുള്ള അപേക്ഷകരുടെ കൈവശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകൾക്ക് ലൈവ്സ്റ്റോക്ക് ലൈസൻസ് നൽകുന്നതോടൊപ്പം ചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2-7 ഡി & ഒ ലൈസൻസ് -അപേക്ഷകളിൽ സ്ഥല പരിശോധന നടത്തുന്നില്ല

2016-17 ലെ ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്ത് വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

10.01.13-ലെ സർക്കുലർ നമ്പർ 66562/ആർ.സി.3/12/ത.സ്വ.ഭ.വ. പ്രകാരം ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഡി&ഒ ലൈസൻസുകൾ നൽകാൻ പാടില്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകളിന്മേലുള്ള സ്ഥല പരിശോധനാ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ഭൂരിഭാഗം ലൈസൻസുകളും ഓഡിറ്റ് കാലയളവിൽ നൽകിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പാലിക്കേണ്ടതും, വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിശോധിയിലുള്ള മുഴുവൻ കച്ചവടങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ. മറ്റു വ്യാപാരസ്ഥാപനങ്ങൾ മുതലായവ ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

D & O ലൈസൻസ് നമ്പർ 20/16-17 ആയി ശ്രീ. ഹംസ.പി, പത്താരി ഹൗസ്, നാട്ടുകൽ പി.ഒ എന്നവർക്ക് കരിങ്കൽ കച്ചവട ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വ്യക്തിക്ക് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ലൈസൻസ് ലഭിച്ചതിന്റെ നിരാക്ഷേപ പത്രം ഹാജരാക്കിയില്ല.

ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട് എന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പുകൾ 232, 233, 234 & 254, 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

2-8 പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

റവന്യു വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ആയതിനാൽ നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന പരസ്യനികുതി, സേവന ഉപനികുതി എന്നിവ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പരസ്യനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിക്കുകയോ പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുകയോ ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

2-9 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ആയതിന് പഞ്ചായത്ത് നാളിതു വരെ നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായം നൽകുന്നതിനായി ഫണ്ടിനു വേണ്ടി തുക സ്വരൂപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

2-10 ഇടെൻഡർ മുഖേനയുള്ള ടെൻഡർ ഫീ പഞ്ചായത്ത് അക്കൌണ്ടിൽ ലഭ്യമാക്കണം.

താഴെ പറയുന്ന പ്രവർത്തികൾ ഇ ടെൻഡർ മുഖേന നടത്തിയിട്ടുണ്ട്. ആയതിന്മേൽ ലഭ്യമാകേണ്ടതായ ഫീ(ഫോറം വില) യുടെ വിശദവിവരം ചുവടെ കൊടുക്കുന്നു. ടി തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (ഡി.പി.ഡിവിഷൻ,പാലക്കാട്) അക്കൌണ്ടിൽ നിന്നും ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് എത്രയും പെട്ടന്ന് ലഭ്യമാക്കേണ്ടതാണ്.

ക്രമനം.	പ്രവൃർത്തിയുടെ പേർ	അടങ്കൽ	ടെൻഡർ വില	വാറ്റ്	ആകെ

1	പഞ്ചായത്ത് ഓഫീസ് മുകൾ നില നിർമ്മാണം	1598549	2500	125	2625
2	നാട്ടുകൽ പുത്തൂർ റോഡ്	500000	1000	50	1050
3	വെള്ളക്കുന്ന് ചെക്കിടിക്കുന്ന് റോഡ്	650000	1300	65	1365
	ആകെ		4800	240	5040

2-11 മരാമത്ത് പ്രവൃത്തികളുടെ ടെൻഡറുകൾ ഉദ്ദേശിക്കുന്ന ഫലം കിട്ടുന്നില്ല.

മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ 2എണ്ണം മാത്രമാണ് ഗുണഭോക്തൃസമിതികളിലൂടെ നിർവ്വഹണം നടത്തിയിരിക്കുന്നത്. ആകെ ടെൻഡർ ചെയ്ത148 പ്രവർത്തികളിൽ റീ ടെൻഡർ നടത്തിയ 3 പ്രവർത്തികളിൽ മാത്രമാണ് രണ്ടിൽ കൂടുതൽ ടെൻഡർ ഫോറം വിറ്റഴിഞ്ഞിരിക്കുന്നത്.അവയിൽ ഓരോ പ്രവർത്തിക്കും 2 ടെൻഡർ ഫോറങ്ങൾ വീതം മാത്രമാണ് പോസ്റ്റ് ചെയ്ത് ലഭ്യമായത്. ഇതിൽ നിന്നും ഓപ്പൺ ടെൻഡർ വ്യവസ്ഥ ഇവിടെ ഫലം കണ്ടത്തുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടി വിഷയം ഗൗരവമായി വീക്ഷിക്കേണ്ടതാണ്.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പഞ്ചായത്തിന്റെ പരിധിയിലുള്ള കുടിവെള്ള വിതരണം - സംബന്ധിച്ച്

പഞ്ചായത്തിന്റെ അധീനതയിൽ നിലവിൽ കുടിവെള്ള പദ്ധതികൾ ഇല്ല. പ്രവർത്തന പരിധിയിലുള്ള ഗാർഹിക/ഗാർഹികേതര കണക്ഷനുകളുടെ എണ്ണം പഞ്ചായത്തിൽ ലഭ്യമല്ല എന്നാണ് 25.7.17നുള്ള അന്വേഷണ നം.5 ന് രേഖാമൂലമുള്ള മറുപടിയിൽ സെക്രട്ടറി വിശദീകരിച്ചിട്ടുള്ളത്.പൊതുടാപ്പുകളുടെ നിലവിലുള്ള എണ്ണം 231ആണ്.ആയതിൽ ജലം ലഭ്യമാക്കുന്നവയുടേയും, പ്രവർത്തനരഹിതമായവയുടേയും എണ്ണത്തിന്റെ സ്ഥിതിവിവര കണക്കുകൾ ജല അതോറിറ്റിയുടെ സഹായത്തോടെ സംയുക്ത പരിശോധനയിലൂടെ പഞ്ചായത്ത് തിട്ടപ്പെടുത്തിയിട്ടില്ല.ഇതിലേക്കായി ജല അതോറിറ്റിയുടെ പ്രാദേശിക ഓഫീസിലെ എക്സിക്യൂട്ടീവ് എൻജിനീയറോട് പഞ്ചായത്ത് സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.എന്നാൽ നാളിത് വരെ ജല അതോറിറ്റി ഇതിലേക്കായി നടപടികൾ സ്വീകരിച്ചിട്ടില്ല.സർക്കാർ ഉത്തരവ് ജി.ഒ./(ആർ.ടി)/2242/2011/ത.സ്വ.ഭ.വ. 28.9.11 പ്രകാരം ജല അതോറിറ്റിക്ക് സംയുക്ത പരിശോധന നടത്തുവാനായി രേഖാമൂലം ആവശ്യപ്പെട്ടതിന് ശേഷം ഒരാഴ്ച്ചയ്ക്കകം സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് പഞ്ചായത്തിനും പഞ്ചായത്ത് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണെന്ന് നിഷ്ക്കർഷിക്കുന്നു.ഇത് സംബന്ധിച്ച് തർക്ക പരിഹാരത്തിനായി പഞ്ചായത്ത് ഡയറക്ടർ

കൺവീനറായി കമ്മിറ്റി രൂപവൽക്കരിച്ചിട്ടുമുണ്ട്.പൊതു ടാപ്പുകളുടെ എണ്ണം മേൽപറഞ്ഞ രീതിയിൽ ആധികാരികമായി തിട്ടപ്പെടുത്തിയതിന് ശേഷം പ്രവർത്തനക്ഷമമായവയ്ക്ക് മാത്രമെ വെള്ളക്കരം അടവാക്കപ്പെടുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തുവാനായി മീറ്റർ ഘടിപ്പിക്കുവാനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.മേൽ നടപടികൾ പ്രാവർത്തികമാക്കുകയാണെങ്കിൽ പൊതു ടാപ്പുകൾക്ക് അടവാക്കപ്പെടുന്ന വെള്ളക്കരത്തിൽ ഗണ്യമായ കുറവ് കൈവരിക്കുവാൻ സാധ്യമാകും.ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

3-2 പദ്ധതിക്കായി തെരെഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിൽ ഇരട്ടിപ്പ് സംഭവിച്ചത് - സംബന്ധിച്ച്:-

പ്രോജക്റ്റ് നം.	SO130/16-17
പേര്	ഭവന പുനരുദ്ധാരണം (ജനറൽ)
അടങ്കൽ (വികസന ഫണ്ട്)	18,87,750/-
അടങ്കൽ (തനത് ഫണ്ട്)	52,250/-
ആകെ അടങ്കൽ	19,40,000/-
ചെലവ്	11,50,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ

ബിൽ നം. / തീയ്യതി	തുക
6/16-17/16/3/17	3,00,000/-
7/16-17/27/3/17	2,00,000/-
8/16-17/27/3/17	3,00,000/-
9/16-17/30/3/17	2,50,000/-
11/16-17/31/3/17	1,00,000/-
ആകെ(115 ഗുണഭോക്താക്കൾക്ക് 10,000/- രൂപ പ്രകാരം)	11,50,000/-

ഭവന പുനരുദ്ധാരണം (ജനറൽ) എന്ന മേൽ സൂചിത പദ്ധതി പ്രകാരം 115 ഗുണഭോക്താക്കൾക്ക് വിഹിതം അനുവദിച്ചതിൽ തെരഞ്ഞെടുത്ത 3 ഗുണഭോക്താക്കൾക്ക് ഒന്നിലധികം തവണ ആനുകൂല്യം അനുവദിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

ഗുണഭോക്താക്കളുടെ പേര്	അകിറ്റൻസ് ക്രമ നം.	അനുവദിച്ച തുക	ഗുണഭോക്താക്കളുടെ പേര്	അകിറ്റൻസ് ക്രമ നം.	അനുവദിച്ച തുക
ഖദീജ, പാറപ്പുറമ്മൽ	49	10,000	ഖദീജ, പാറപ്പുറമ്മൽ	114	10,000
മുത്തലി, കൊറ്റിത്തോടി	40	10,000	മുത്തലി, കൊറ്റിത്തോടി	113	10,000
സൈനബ, തൊട്ടിയിൽ	21	10,000	സൈനബ, തൊട്ടിയിൽ	115	10,000
ആകെ		30,000			30,000

മേൽ സാഹചര്യത്തിനുള്ള വിശദീകരണം 31.7.17ലെ അന്വേഷണ നം.14 പ്രകാരം ആവശ്യപ്പെട്ടതിന് പഞ്ചായത്ത് അനുവദിച്ച യൂണിറ്റ് കോസ്റ്റായ 10,000 രൂപയ്ക്ക് പകരം അബദ്ധവശാൽ ഓൺലൈൻ മുഖേന 20,000 രൂപ കൈമാറി നൽകുകയാണുണ്ടായതെന്ന് വി.ഇ.ഒ. രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ :

ക്രമ നം.	വാർഡ്	പേര്	അക്കൗണ്ട് നം.	ആകെ അനുവദിച്ച തുക
1	9	മുത്തലി, കൊറ്റിത്തോടി	16600100029205	20,000

2	9	ഖദീജ, പാറപ്പുറമ്മൽ	208501231001457	20,000
3	3	സൈനബ, തൊട്ടിയിൽ	208501011004218	20,000
	ആകെ			60,000

മേൽ സൂചിത പട്ടികയിലെ ക്രമ നം.1 ലെ ഗുണഭോക്താവായ മുത്തലി, കൊറ്റിത്തോടി 13.7.17 ന് മണ്ണാർക്കാട് ട്രഷറിയിൽ അധികമായി കൈപ്പറ്റിയ 10,000 രൂപ തിരിച്ചടച്ചിട്ടുണ്ട്. മറ്റ് 2 പേർ കൈപ്പറ്റിയ അധിക വിഹിതമായ 10,000 രൂപ തിരിച്ചടവാക്കുവാനുള്ള നടപടികൾ വി.ഇ.ഒ സ്വീകരിച്ച് വരുന്നുണ്ടെന്നും ഇവർ തിരിച്ചയ്ക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സമയബന്ധിതമായി നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിന് സമർപ്പിക്കാത്ത പക്ഷം ഇതിലേക്കായി അധികമായി ചെലവായ 20,000 രൂപ (10,000*2) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഓൺലൈൻ മുഖേന ആനുകൂല്യം അനുവദിക്കുമ്പോൾ ഭാവിയിൽ മേൽ സാഹചര്യം സൃഷ്ടിക്കപ്പെടാതിരിക്കുവാൻ ഗുണഭോക്താക്കളുടെ പേര് വിവരങ്ങളും അക്കൗണ്ട് നമ്പറും പരിശോധിച്ചുറപ്പ് വരുത്തിയതിന് ശേഷം മാത്രം അനന്തര നടപടികൾ സ്വീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3-3 സാക്ഷരതാ പ്രേരകിന് അനുവദിച്ച ഹൊണറേറിയം- 48,338/- രൂപ ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരക് ഹൊണറേറിയം തനത് ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്.
വിശദവിവരങ്ങൾ :

മാസം	വൗച്ചർ നം. / തീയ്യതി	തുക
ഏപ്രിൽ 2016	21600101/11/5/16	2,900/-
മെയ് 2016	21600202/24/6/16	2,900/-
ജൂൺ 2016 മുതൽ ആഗസ്റ്റ് 2016 വരെ	21600349/6/9/2016	8,700/-
സെപറ്റ്മ്പർ 2016 മുതൽ ഒക്ടോബർ 2016 വരെ	21600554/18/11/2016	5,800/-
നവമ്പർ 2016	21600615/20/12/2016	2,900/-
ഡിസമ്പർ 2016	21600667/5/01/2017	2,900/-
ജനുവരി 2017 മുതൽ ഫെബ്രുവരി 2017 വരെ	21600881/10/3/2017	22,238/-
ആകെ		48,338/-

G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശസ്വയംഭരണസ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-4 പി.എം.എ.വൈ വിഹിതം അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പ്രോജക്റ്റ് നം.	SO354/17
പേര്	പി.എം.എ.വൈ വിഹിതം അടവാക്കൽ
അടങ്കൽ	60,000/-(പൊതുവിഭാഗം-സാധാരണവിഹിതം-52500+7500 തനത് ഫണ്ട്)
ചെലവ്	52,500/-
ബിൽ നം. /	10/16-17/31/3/17
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ.

മേൽ വിഹിതം മണ്ണാർക്കാട് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലേക്ക് (അക്കൗണ്ട് നം. 799011400001642) ഓൺലൈൻ മുഖേന ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.ആയതിന്റെ കൈപ്പറ്റ് രശീതിയും ധനവിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3-5 പൾസ് പോളിയോ ഇമ്മ്യുണൈസേഷൻ - വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ അധീനതയിലുള്ള പി. എച്ച്. സി. മെഡിക്കൽ ഓഫീസർക്ക് 21000771 നമ്പർ വൗച്ചർ പ്രകാരം 1781904 ചെക്ക് മുഖേന പൾസ് പോളിയോ ഇമ്മ്യുണൈസേഷന് വേണ്ടി 10,000/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ആയതിനുള്ള ചെലവ് രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. പ്രസ്തുത രേഖ ഓഡിറ്റിന് സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുവരെ ഇതിലേക്കായി ചെലവായ 10,000.00 രൂപ തടസ്സപ്പെടുത്തുന്നു.

3-6 തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിന് അനുവദിച്ച വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പ്രോജക്റ്റ് നം.	SO290/17
പേര്	തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി
അടങ്കൽ	3,50,000/- (തനത് ഫണ്ട്)
ചെലവ്	3,50,000/-
നിർവ്വഹണം	സെക്രട്ടറി
വൗച്ചർ നം. / തീയ്യതി	21600852 /2/03/2017
ചെക്ക് നം . / തീയ്യതി	1781909 /2/03/2017

തെരുവു നായ്ക്കളുടെ വന്ധ്യംകരണത്തിനായുള്ള ജില്ലാ പഞ്ചായത്തിന്റെ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായ 350000 രൂപ തനത് ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിലേക്ക് 20.3.2017 ലെ ചെക്ക് നമ്പർ 1781509 മുഖേന നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റേയും, പദ്ധതി പൂർത്തീകരിച്ചതിന്റെയും രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. പ്രസ്തുത രേഖകൾ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. തുക സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

3-7 മാർഗ്ഗദീപ്തിക്ക് അനുവദിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല

പ്രോജകറ്റ് നം.	SOO52/17
പേര്	മാർഗ്ഗദീപ്തി മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	75,000/-(പൊതുവിഭാരം, സാധാരണ വിഹിതം)
ചെലവ്	75,000/-
ബിൽ നം. / തീയ്യതി	2/16-17/29/10/2016
നിർവ്വഹണ ഉദ്യോഗസ്ഥൻ	(പി.എച്ച്.സി.) മെഡിക്കൽ ഓഫീസർ

മാർഗ്ഗദീപ്തി മാനസിക രോഗികൾക്ക് മരുന്നുകൾ വാങ്ങുവാനായി നിർവ്വഹണ ഉദ്യോഗസ്ഥൻ കെ.എം.സി.എൽ ലിലേക്ക് 31.10.16ലെ ചെക്ക് നം.754228 പ്രകാരം 75,000/- രൂപ നൽകിയിട്ടുണ്ട്. കെ.എം.സി.എൽ ലിലേക്ക് സമർപ്പിച്ച പ്രഫോർമ ഇൻവോയ്സിലെ ഡെസ്വാൾ ഇ.ആർ (250 എം.ജി) ഒഴികെയുള്ള എല്ലാ മരുന്നുകളും പി.എച്ച്.സി. യിലേക്ക് ലഭ്യമായിട്ടുണ്ട്. ബാക്കി തുകയായ 29741/- രൂപയുടെ മരുന്നുകൾ ബില്ല് അടിച്ച് മരുന്നുകൾ സഹിതം ഉടൻ എത്തിക്കുന്നതാണെന്ന് കെ.എം.സി.എൽ അറിയിച്ചിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചിട്ടുണ്ട്.മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തി

ലഭ്യമായവയുടെ വിശദവിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ യഥാവിധ രേഖപ്പെടുത്തലുകളോട് കൂടി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3-8 വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കലിന് അനുവദിച്ച തുകക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നം.	SO294/17
പേര്	വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ (ജനറൽ)
അടങ്കൽ	75075/-
ചെലവ്	60,042/-
സ്രോതസ്സ്	തനത് ഫണ്ട്
നിർവ്വഹണം	സെക്രട്ടറി

തനത് ഫണ്ടിൽ നിന്നും മേൽ വിഹിതം കെ.എസ.ഇ.ബി യിലേക്ക് വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കലിനായി (ഡെപ്പോസിറ്റ് വർക്ക്) അനുവദിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ :

വൗച്ചർ നം.	ചെക്ക് നം.	തുക	നിർവ്വഹണ ഏജൻസി	പ്രവൃത്തി
21600849 7/03/2017	1781907 (ടി.എസ്.ബി)	25542/-	എ.ഇ. കെ.എസ.ഇ.ബി., കുമരംപുത്തൂർ	വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ
2160851 7/03/2017	1781908 (ടി.എസ്.ബി)	34500/-	എ.ഇ. കെ.എസ.ഇ.ബി., ചെർപ്പുള്ളശേരി	‘’
ആകെ		60,042/-		

മേൽ പ്രവൃത്തി പൂർത്തീകരിച്ച രേഖയും,ധനവിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല.ആയതിനുള്ള നടപടികൾ സ്വീകരിച്ച് പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3-9 വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല.

1.

പ്രോജക്ട് നം.	SO135/17
പേര്	കിണർ നിർമ്മാണം (ജനറൽ)
അടങ്കൽ	3,20,000
ചെലവ്	1,00,000
ബിൽ നം. / തീയ്യതി	13/16-17/31/3/17
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ

ഈ പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്ക് 10,000 രൂപ പ്രകാരം 1,00,000 രൂപ അനുവദിച്ചിട്ടുണ്ട്.10 ഗുണഭോക്താക്കളിൽ 5 പേർക്ക് എൽ.എസ്.ജി.ഡി. എഞ്ചിനിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.ആയവരുടെ വിശദവിവരങ്ങൾ :

ഗുണഭോക്താവിന്റെ പേര്	അക്കൗണ്ട് നം.	തുക
ജമിനി ഗണേശ്	14090100101968	10,000
മരക്കാർ	208501011002347	10,000
വിശാലാക്ഷി	16600100119014	10,000
റംല	202601231000006	10,000
അഹമദ് കബീർ	208501011000658	10,000

മേൽ സാഹചര്യത്തിനുള്ള വിശദീകരണം ആരാഞ്ഞപ്പോൾ ഇവരുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് വി.ഇ.ഒ വിശദീകരണം നൽകിയിട്ടുണ്ട്.ആയതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് വിവരം ഓഡിറ്റിന്

സമർപ്പിക്കേണ്ടതാണ്.അല്ലാത്ത പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.
2.

പ്രോജക്റ്റ് നം.	SO130/16-17
പേര്	ഭവന പുനരുദ്ധാരണം (ജനറൽ)
അടങ്കൽ (വികസന ഫണ്ട്)	18,87,750/-
ചെലവ്	11,50,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ

മേൽ പ്രോജക്റ്റ് പ്രകാരം പദ്ധതി വിഹിതമായി 115 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം ആകെ 11,50,000 രൂപ അനുവദിച്ചിട്ടുണ്ട്.ആയതിൽ 20 പേർക്ക് എൽ.എസ്.ജി.ഡി എഞ്ചിനിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെയാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.വിശദവിവരങ്ങൾ :

ക്രമ നം.	അകപിറ്റൻസ് ക്രമ നം.	പേര്	അക്കൗണ്ട് നം.
1.	13	പാഞ്ചാലി, ചെകിടിയിൽ	67220103430
2.	17	യൂസഫ്, കൊല്ലാർതൊടി	208501011004432
3.	24	മുഹമ്മദ്,കുന്നാത്ത്	20850123100603
4.	33	മൊയ്തു, കുന്നുപുറം	20250123100237
5.	54	പാത്തുമ്മ, കറുത്തപിലാക്കൽ, പാറമ്മൽ	16600100138774
6.	67	രാധാകൃഷ്ണൻ, വാഴേക്കാട്	208501231002979
7.	68	തങ്കമണി, കൊയക്കൽ	202601011002489
8.	72	മുഹമ്മദ്, കൂണ്ടൂർകുന്ന്	847101009489
9.	92	ഹംസ, പൂന്നാർതൊടി, പാലോട്	200501011003296
10.	97	ഖദീജ, പാറപ്പുറമ്മൽ	2008501231000539
11.	98	ഖദീജ, തള്ളചിറ	208501011002679
12.	101	ആയിഷ അക്കരവീട്, ചെത്തല്ലൂർ	20850105100093
13.	102	ആയിഷ, w/o സിദ്ധിക്ക്, കവറൻകുണ്ടൻ	20850105100086
14.	103	ആയിഷ, d/o ഖദീജ, കവറൻകുണ്ടൻ	90261200429225
15.	104	സത്യഭാമ, പൂഞ്ചിറ കൊടക്കാട്	208501231002470
16.	105	ബീവിക്കുട്ടി, ഉള്ളാട്ട പറമ്പിൽ	20850101100268
17.	108	മുഹമ്മദ്, ചെത്തല്ലൂർ	090261200420224
18.	110	മുഹമ്മദ്, കുണ്ടൂർകുന്ന്	672821180964
19.	111	ഖദീജ, വിലക്കംപുറത്ത്, തച്ചനാട്ടുകര	208501011003782
20.	112	മുഹമദ്, മേലാഞ്ചേരി, പാലോട്	967707523234

മേൽ പട്ടികയിലെ ഗുണഭോക്താക്കളുടെ വീട് റിപ്പയർ പൂർത്തീയാക്കിയതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും വാല്യുവേഷൻ ഓവർസീയറിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്.സമയബന്ധിതമായി ആയതിനുള്ള നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.അല്ലാത്ത പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

3-10 ഐ.എ.വൈ വിഹിതം - രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഐ.എ.വൈ വിഹിതമായി താഴെ പറയും പ്രകാരം തുകകൾ മണ്ണാർക്കാട് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	പ്രൊജക്ട് നമ്പർ	പ്രൊജക്ട്	ബിൽ നമ്പർ	തുക
1	336	ഐ.എ.വൈ വിഹിതം നൽകൽ-എസ്.സി.പി	1/16-17 dt 20.2.17	4,00,000
2	351	ഐ.എ.വൈ വിഹിതം എസ്.സി.പി-രണ്ടാം ഘട്ടം	2/16-17 dt 16.3.17	5,00,000

പ്രസ്തുത തുകകൾ നൽകിയതിന്റെ രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (10/29.7.17) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3-11 ഓട്ടോറിക്ഷക്ക് സബ്സിഡി - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് -പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷ സബ്സിഡി നൽകൽ

പ്രൊജക്ട് -138

അടങ്കൽ -8,00,000

ചെലവ് -8,00,000
നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി യുവാക്കൾക്ക് ഓട്ടോറിക്ഷക്ക് സബ്സിഡി എന്ന പ്രൊജക്ടിന് (138) 8,00,000 രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ക്രമനമ്പർ	ബിൽ നമ്പർ	തുക
1	4/16-17 dt 24.03.17	4,00,000
2	6/16-17 dt 31.03.17	4,00,000

പ്രസ്തുത പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 50,000 രൂപ ക്രമത്തിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

ക്രമനമ്പർ	ധനസഹായം നൽകിയ വ്യക്തിയുടെ പേര്	ഹാജരാക്കാത്ത രേഖകൾ
1	ഷാജിമോൻ വി.പി s/o ശിവശങ്കരൻ വടക്കേപുരക്കൽ ഹൗസ് ചെത്തല്ലൂർ	വരുമാനസർട്ടിഫിക്കറ്റ്

2	ഉണ്ണികൃഷ്ണൻ. കെ s/o നാരായണൻ കുലകുറിശ്ശി ഹൗസ് നാട്ടുകൽ	വരുമാനസർട്ടിഫിക്കറ്റ്
3	രവീന്ദ്രൻ ടി.കെ തൂമരാംകുന്ന് ഹൗസ് ചെത്തല്ലൂർ	പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം കിട്ടിയിട്ടില്ല എന്ന സാക്ഷ്യപത്രം
4	സതീഷ് .കെ കോണ്ടത്ത് ഹൗസ് നാട്ടുകൽ	ജാതി സർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ്,
5	ശശികുമാർ മാമ്പ്ര ഹൗസ് ചെത്തല്ലൂർ	ട്രാൻസ്പോർട്ട് ലൈസൻസ്
6	രാജേഷ് എം.പി പള്ളിച്ചി വീട് നാട്ടുകൽ	ഓട്ടോറിക്ഷ വാങ്ങിയതിന്റെ ഇൻവോയ്സ്
7	വിജേഷ്. ടി ചെറിയിൽ ഹൗസ് നാട്ടുകൽ	ലൈസൻസിന്റെ പകർപ്പ് ഇല്ല. വരുമാനസർട്ടിഫിക്കറ്റ്
8	പ്രകാശ് കൂളകുറിശ്ശി	വരുമാനസർട്ടിഫിക്കറ്റ്,
9	വിനോദ് ബാബു പാലോട്	RC യുടെ പകർപ്പ്
10	രഘുനാഥൻ പി.സി തെഞ്ചേരിചോല ഹൗസ് പാലോട്	ട്രാൻസ്പോർട്ട് ലൈസൻസ്
11	രാധാകൃഷ്ണൻ അത്തിപ്പട്ട ഹൗസ് കുണ്ടൂർകുന്ന് പി.ഒ	ട്രാൻസ്പോർട്ട് ലൈസൻസ്
12	സുരേഷ് കെ.പി കിഴക്കുലംപാടി ഹൗസ് ചെത്തല്ലൂർ	ലൈസൻസിന്റെ പകർപ്പ്
13	രാമചന്ദ്രൻ ചേരിപടി ഹൗസ് ചെത്തല്ലൂർ	ട്രാൻസ്പോർട്ട് ലൈസൻസ്
14	സുരേഷ്.കെ കളത്തൊടി ഹൗസ് ചെത്തല്ലൂർ	വരുമാനസർട്ടിഫിക്കറ്റ്, പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം കിട്ടിയിട്ടില്ല എന്ന സാക്ഷ്യപത്രം

15	രാജേഷ്.കെ കുന്നത്ത് ഹൗസ് പാലോട് പി.ഒ	പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം കിട്ടിയിട്ടില്ല എന്ന സാക്ഷ്യപത്രം
16	വിജയകുമാരൻ പള്ളത്ത് ഹൗസ് അരിയൂർ	വരുമാനസർട്ടിഫിക്കറ്റ്,

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (10/29.7.17) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ഇതിനു പുറമേ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

a) ഗുണഭോക്താക്കൾ എംപ്ലോയ് മെന്റ് ഓഫീസിലോ സ്വയംസംരഭകത്വമിഷനിലോ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം. ആയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

b) ധനസഹായ തുക ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകണം.

ബാങ്കിന് തുക നൽകിയതിന്റെയോ ബാങ്ക് ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചതിന്റെയോ രേഖകൾ ഹാജരാക്കിയില്ല.

c) ഗുണഭോക്താക്കൾ സ്റ്റാമ്പ് പേപ്പർ വാങ്ങിയിട്ടുണ്ടെങ്കിലും കരാർ പത്രത്തിൽ ഏർപ്പെട്ടിട്ടില്ല.

e) ഓട്ടോറിക്ഷ നൽകിയ വ്യക്തികളുടെ അകൗിറ്റൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 8,00,000.00 രൂപ തടസ്സപ്പെടുത്തുന്നു. പ്രൊജക്ടുകൾ നിർവ്വഹണം നടത്തുന്നതിനു മുമ്പായി എല്ലാ വിധ രേഖകളും സമർപ്പിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

3-12 കുടുംബശ്രീ വനിതകൾക്ക് വസ്തുനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സബ്സിഡി നൽകൽ- പ്രവർത്തനം തുടങ്ങിയിട്ടില്ല

പ്രൊജക്ട് - 322

അടങ്കൽ - 2,27,391

ചെലവ് - 50,000
നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

കുടുംബശ്രീ വനിതകൾക്ക് വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സബ്സിഡി നൽകൽ എന്ന പ്രൊജക്ടിന് (322) 50,000രൂപ ആർ.ടി.ജി.എസ് മുഖേന വിജയ ബാങ്കിലേക്ക് കൈമാറുകയും (ബിൽ നമ്പർ 5/16-17 dt 31.3.17) ബാങ്ക് 2,00,000 രൂപ ലോൺ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗ്രൂപ്പിന്റെ പ്രവർത്തനം തുടങ്ങിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (10/29.7.17) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. പ്രസ്തുത യൂണിറ്റ് പ്രവർത്തന ക്ഷമമാണെന്നോ നിഷ്ക്രിയമാണെന്നോ ഉള്ള വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

സ.ഉ. (എം.എസ്) നം. 82/2000 ത.സ്വ.ഭ.വ. തീയ്യതി 14.03.2000 പ്രകാരം തൊഴിൽ സംരഭങ്ങൾ ആരംഭിക്കാതിരിക്കുകയോ, പ്രവർത്തനം നിർത്തലാക്കുകയോ ചെയ്യുമ്പോൾ അനുവദിക്കുന്ന ധനസഹായം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുകയും വേണം. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-13 വീട് റിപ്പയർ (എസ്.സി) - രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് - 204

അടങ്കൽ - 5,25,000

ചെലവ് - 5,25,000

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വീട് റിപ്പയർ (എസ്.സി) എന്ന പ്രൊജക്ടിന് (204/17) ബിൽ നമ്പർ 3/16-17 തീയ്യതി 22.3.17 പ്രകാരം 5,25,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

a) താഴെ പറയുന്ന ഗുണഭോക്താക്കൾ ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1 ഇന്ദിര, ചോലയിൽ, നാട്ടുകൽ

2 ലക്ഷ്മി, പയ്യുണ്ടപ്പാടത്ത്

3 ശാരദ, കിളയിൽ, തള്ളച്ചിറ

4 കുഞ്ഞിരാമൻ സി.പി, ചെറുമ്പാടത്ത് പടി, ചെത്തല്ലൂർ

b) വീടിന്റെ അറ്റകുറ്റപ്പണിക്ക് ഉടമസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

c) വീട് വാസയോഗ്യമാണെങ്കിലും പുനരുദ്ധാരണ-അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

d) വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനു മുമ്പായി എല്ലാ രേഖകളും സമർപ്പിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

3-14 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമല്ല

തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ പോഷകാഹാരത്തിന്റെ ഭാഗമായി അങ്കണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ ഓഡിറ്റ് കാലയളവിൽ (7.10.2016ന്) ഒരു തവണ മാത്രമെ ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ. ആയതിന്റെ ലാബ് റിപ്പോർട്ട് നാളിത് വരെ ലഭ്യമായിട്ടില്ല. സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫാസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലാബ് റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-15 അങ്കണവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ പ്രവർത്തന പരിധിയിൽ ആകെ 26 അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഇവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 15.7.16 ന് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ 26അങ്കണവാടികൾക്കും പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ ഡി.സി.2/2011തസ്വഭവ 22.3.2011പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2.യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻൻ പാടില്ല.മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.

3.സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ അങ്കണവാടികൾക്കും (26 എണ്ണം) ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-16 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

നം.	അടിസ്ഥാന വിവരങ്ങൾ	വിശദാംശം
1	അങ്കണവാടികളുടെ എണ്ണം	26
2	ജീവനക്കാരുടെ എണ്ണം(വർക്കർ,ഹെൽപ്പർ)	26,26
3	സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം	3
4	ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം	ഇല്ല
5	ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം	16
6	ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം	26
7	വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം	3
8	ഫാൻ ഇല്ലാത്തവ	3
9	ബേബി ഫ്രണ്ടലി ടോയ്ലെറ്റ് ഇല്ലാത്തവ	26
10	ശുദ്ധജല സംഭരണികൾ ഇല്ലാത്തവ	26
11	ചുറ്റ് മതിൽ ഇല്ലാത്തവ	8
12	കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം	ഇല്ല
13	ധാന്യ സംഭരണികൾ ഇല്ലാത്തവ	ഇല്ല

സർക്കുലർ നം. 31055/ഡി.സി.2/2011/തസ്വഭവ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.

2.വൈറ്റ് വാഷിംഗ്,പെയിന്റിംഗ്,വൈദ്യുതീകരണം,ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ്, എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമേതിലിൽ പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

4.ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകയ്ക്കടുക്കുവാൻ പാടുള്ളൂ.

5.കുടിവെള്ള സംവിധാനത്തിന്റെ പോരായ്മ ദുരീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. എല്ലാ വർഷവും മെയ് 10 നകം പഞ്ചായത്ത് എഞ്ചിനീയർ/ഓവർസിയർ എല്ലാ അങ്കണവാടികളും സന്ദർശിച്ച് പരിശോധനക്ക് വിധേയമാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

കൂടാതെ അങ്കണവാടികളിലെ ഭൗതിക സാഹചര്യം വിലയിരുത്തി തയാറാക്കിയ മേൽ സൂചിത പട്ടികയിൽ ചൂണ്ടികാണിച്ചിരിക്കുന്ന മറ്റ് പോരായ്മകൾ കൂടി ദൂരീകരിക്കുവാനുള്ള പരിഹാര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

3-17 എസ്.എസ്.എ വിഹിതം അധികം അനുവദിച്ചു.

എച്ച് എം നിർവ്വഹണഉദ്യോഗസ്ഥയായി നടപ്പാക്കിയ സർവ്വശിക്ഷാ അഭിയാന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ നാല്പത് ശതമാനം വിഹിതം നല്കുന്ന വകയിൽ 2016-17 സാമ്പത്തിക വർഷം ജനറൽ,എസ്.ഇ.പി ഇനങ്ങളിലായി യഥാക്രമം 896906/-, 131850/- എന്നിങ്ങനെ ആകെ 1028756/-രൂപ 24-12-2016 തീയ്യതിയിലെ 1/16-17,2/16-17എന്നീ ബില്ലുകൾ പ്രകാരം മണ്ണാർക്കാട് ബ്ളോക്ക് പ്രോഗ്രാം ഓഫീസർ (SSA)യ്ക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ മണ്ണാർക്കാട് ബ്ളോക്ക് പ്രോഗ്രാം ഓഫീസർ (SSA) നല്കിയ 2016-17 സാമ്പത്തിക വർഷത്തെ LSG wise allocation പ്രകാരം തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിന്റെ ഷെയർ 995475/-രൂപയാണ്. അധികം അടച്ച 33281/-രൂപ തിരികെ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ക്രമീകരിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

3-18 തൊഴിലുറപ്പ്-കിണർ നിർമ്മാണം പൂർത്തീകരണം ഉറപ്പുവരുത്തണം

തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 2016-17സാമ്പത്തിക വർഷത്തിൽ 59 കിണറുകൾ കുഴിച്ചിട്ടുണ്ട്. എന്നാൽ പലതും ആൾമറ കെട്ടി സുരക്ഷിതമാക്കാതെ പ്രവർത്തി പൂർത്തീകരണം നടത്താതെയിരിക്കുന്നതായി ഓഡിറ്റിന് കാണുവാൻ കഴിഞ്ഞു. ടി പ്രവണത ശരിയല്ല. നിലവിലുള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റം വരുത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കിണറുകളുടെ നിർമ്മാണം ചുരുങ്ങിയത് ആൾമറ യെങ്കിലും കെട്ടി അപകടസുരക്ഷയും ശുചിത്വവും ഉറപ്പുവരുത്തുന്ന രീതിയിലുള്ള ഗുണഭോക്താക്കളെ കണ്ടത്തി പദ്ധതി പ്രയോജനപ്പെടുത്തുവാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3-19 ഒഴിവാക്കി

3-20 ആയുർവ്വേദമരുന്നുകൾ-മുഴുവൻ തുകക്കുള്ള മരുന്നുകൾ ലഭ്യമായില്ല

2016-17 സാമ്പത്തിക വർഷത്തിൽ മെഡിക്കലാഫീസർ (ആയുർവ്വേദം) 12-1-2017 തീയ്യതിയിലെ ബിൽ നം.1/16-17ആയി 250000/-രൂപയുടെ ആയുർവ്വേദമരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിയതിൽ ഇന്റന്റ് പ്രകാരം ആവശ്യപ്പട്ട എല്ലാമരുന്നുകളും ലഭ്യമായിട്ടില്ല. (ഇൻവോയ്സ് നം.1352/തീയ്യതി.30-12-2016, ഇന്റന്റ് നം.624/2016-17) ആയതിൽ മൂന്ന് തവണകളിലെ ഇൻവോയ്സുകളിലായി ആകെ 2,33,186/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിരിക്കുന്നത്. ടി മരുന്നുകൾ സ്റ്റോക്കിലെടുക്കുമ്പോൾ സ്ഥാപനത്തിന്റെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന മരുന്നുകൾ വാർഷികമായും പ്രത്യേകമായും എഴുതി സൂക്ഷിച്ചിരിക്കുകയാണ്. ആയത് ക്രമപ്രകാരമല്ല.ഒരു പ്രത്യേകപദ്ധതിക്ക് മാത്രമല്ലാതെ പൊതുജനങ്ങൾക്ക് നല്കുവാനുള്ള മരുന്നുകൾ

സർക്കാരിന്റെതെന്നും തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെതെന്നും പ്രത്യേകമായി രേഖപ്പെടുത്തി സൂക്ഷിച്ചിരിക്കേണ്ട കാര്യമില്ല. അവശേഷിക്കുന്ന 16814/-രൂപയുടെ മരുന്നുകൾ എത്രയും പെട്ടന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-21 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

2016-17 സാമ്പത്തിക വർഷം വികസന പദ്ധതികളുടെ ഭാഗമായി(പ്രോജക്റ്റ് നം.131/16-17) ഹോമിയോ മെഡിക്കലാഫീസർ ആശുപത്രിക്ക് വേണ്ടി 21-2-2017 ന് ബിൽ നം.1/16-17 ആയി 200000/-രൂപയുടെ ഹോമിയോ മരുന്നുകൾ ഹോംകോയിൽ വാങ്ങുന്നതിനായി ഇന്റന്റ് പ്രകാരം തുക നല്കിയതിൽ ഓഡിറ്റ് കാലയളവ് വരെയും ഒരു മരുന്നുകളും ഹോംകോ,ആലപ്പുഴയിൽ നിന്നും ലഭ്യമായിട്ടില്ല. മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2016-17	77700/-	വികലാംഗർക്ക് സ്കോളർഷിപ്പ് (21/16)	77700/-	-
ബ്ലോക്ക് പഞ്ചായത്ത്	-ടി-	153000/-	ഒ.ഡി.എഫ്	-	153000/-
ജില്ലാ പഞ്ചായത്ത്	-ടി-	105000/-	നെൽക്കൃഷി ഉഴവുകൂലി (2/16)	105000/-	-
സംസ്ഥാന വിഹിതം	-ടി-	1265462/-	-ടി-	753965/-	511497/-

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

(i) വായ്പ

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

(ii) മുൻ വായ്പ തിരിച്ചടവിന്റെ വിവരം.

ക്രമ നം.	വായ്പയുടെ ഉദ്ദേശ്യം	തിരിച്ചട യ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്		വർഷാവസാന ബാക്കി(31.3.17)
			മുതൽ	പലിശ	
1	ഇ.എം.എസ്.ഭവന പദ്ധതി	1441032	100000	-	1341032

4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-6 ഓഡിറ്റ് റിക്കവറി

AFS പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 7830/-രൂപ വരവുണ്ട്. വിശദ വിവരങ്ങൾ ലഭ്യമായില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ)	55981549
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	51845972
വരവിനങ്ങളിലുള്ള നഷ്ടം	ഒന്നുമില്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	20000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	893281

(**ബി**). **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
3-2	20000	സന്ദീപ്.എസ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-5	10000	ഡോ. കെ.ഷാനവാസ്
3-11	800000	ശ്രീമതി പി.സിഫി, അസിസ്റ്റന്റ് സെക്രട്ടറി
3-12	50000	ശ്രീമതി പി.സിഫി, അസിസ്റ്റന്റ് സെക്രട്ടറി

3-17	33281	ശ്രീമതി ബാലാമണി, ഹെഡ് മിസ്ട്രസ്.
ആകെ	893281	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
സന്ദീപ്.എസ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കേരളശ്ശേരി ഗ്രാമപഞ്ചായത്ത്	സുമഹൽ, ചെറുന്നിയൂർ പി.ഓ, വർക്കല, തിരുവനന്തപുരം

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1981-82	L.F.P(7)/445/88/18.6.88	എല്ലാ ഖണ്ഡികകളും.
1982-83	L.F.P(7)/445/88/18.6.88	എല്ലാ ഖണ്ഡികകളും.
1983-84	L.F.P(7)/851/88/8.2.89	എല്ലാ ഖണ്ഡികകളും.
1984-85	L.F.P(7)/224/92/22.3.93	എല്ലാ ഖണ്ഡികകളും.
1985-86	L.F.P(7)/1293/92/22.3.93	എല്ലാ ഖണ്ഡികകളും.
1986-87	L.F.P(7)/1293/92/22.3.93	എല്ലാ ഖണ്ഡികകളും.
1987-88	L.F.P(7)/395/94/5.8.94	എല്ലാ ഖണ്ഡികകളും.
1988-89	L.F.P(7)/395/94/5.8.94	എല്ലാ ഖണ്ഡികകളും.
1989-90	L.F.P(7)/1443/94/5.8.94	എല്ലാ ഖണ്ഡികകളും.
1990-91	L.F.P(7)/1443/94/5.8.94	എല്ലാ ഖണ്ഡികകളും.
1991-92	L.F.P(7)/210/96/2.6.98	എല്ലാ ഖണ്ഡികകളും.
1992-93	L.F.P(7)/210/96/2.6.98	എല്ലാ ഖണ്ഡികകളും.
1993-94	L.F.P-(9)/1331/07/28.7.08	എല്ലാ ഖണ്ഡികകളും.
1994-95	L.F.P-(9)/1332/07/28.7.08	എല്ലാ ഖണ്ഡികകളും.
1995-96	L.F.P-(9)/1333/07/28.7.08	എല്ലാ ഖണ്ഡികകളും.
1996-97	L.F.P-(9)/1334/07/28.7.08	എല്ലാ ഖണ്ഡികകളും.

1997-98	L.F.P-(9)/1335/07/28.7.08	എല്ലാ ഖണ്ഡികകളും.
1998-99	L.F.P-(9)/1336/07/28.7.08	എല്ലാ ഖണ്ഡികകളും.
1999-00	L.F.P-(9)/1337/07/28.7.08	എല്ലാ ഖണ്ഡികകളും.
2000-01	L.F.P-(9)/1338/07/28.7.08	എല്ലാ ഖണ്ഡികകളും.
2001-02	L.F.P-(9)/1339/07/28.7.08	എല്ലാ ഖണ്ഡികകളും.
2002-03	L.F.P-(9)/427/09/7.12.09	എല്ലാ ഖണ്ഡികകളും.
2003-04	L.F.P-(9)/428/09/7.12.09	എല്ലാ ഖണ്ഡികകളും.
2004-05	L.F.P-(9)/429/09/7.12.09	എല്ലാ ഖണ്ഡികകളും.
2005-06	L.F.P-(9)/430/09/7.12.09	എല്ലാ ഖണ്ഡികകളും.
2006-07	L.F.P-(9)/431/09/7.12.09	എല്ലാ ഖണ്ഡികകളും.
2007-08	L.F.P-(9)/1971/11/16.12.11	എല്ലാ ഖണ്ഡികകളും.
2008-09	L.F.P-(9)1972/11/16.12.11	എല്ലാ ഖണ്ഡികകളും.
2009-10	L.F.P-(9)/1973/11/16.12.11	എല്ലാ ഖണ്ഡികകളും.
2010-11	L.F.P-(9)/1350/13/16.12.13	എല്ലാ ഖണ്ഡികകളും.
2011-12	L.F.P-(9)/2258/14/24.3.15	എല്ലാ ഖണ്ഡികകളും.
2012-13	KSA-PKD 9/1114/15/dt.5.10.2015	എല്ലാ ഖണ്ഡികകളും.
2013-14	KSA-PKD 9/1417/2016 Dt.9.8.2017	എല്ലാ ഖണ്ഡികകളും.
2014-15	KSA-PKD 9/1417/2016 Dt.9.8.2017	എല്ലാ ഖണ്ഡികകളും.
2015-16	KSA-PKD 9/120/2017Dt.31.1.2017	എല്ലാ ഖണ്ഡികകളും.

ഡെപ്യൂട്ടി ഡയറക്ടർ.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

1

അനുബന്ധം

നം.കെ.എസ്.എ-പികെഡി9-1744/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി 08.11.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര **ഗ്രാമപഞ്ചായത്തിന്റെ** 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മന്റ്പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തച്ചനാട്ടുകര **ഗ്രാമപഞ്ചായത്തിന്റെ** 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1.ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2.വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3.ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി, ബിൽഡിംഗ് പെർമിറ്റ് എന്നീ രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

District Audit Office,Palakkad

Date 08.11.2017.

Audit Certificate

Certified that I have audited the Annual Financial Statement of Thachanattukara **Grama Panchayat** in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Thachanattukara Grama Panchayat** for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1.Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2.Arrear and current demand, Collection, Balance amounts of property tax shown in AFS not in agreement with data prepared by Sanchaya Software.

3.The DCB statement of building permit, Profession tax and D&O is not prepared & certified.

Deputy Director.